**പതിനാലാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

# അരൂർ മണ്ഡലത്തിലെ ഗ്രാമീണ റോഡുകൾ

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1300 — 02-05-2017-ൽ മറുപടിക്ക്

ചോദ്യം — മറുപടി

| ശ്രീ. എ.എം. ആരിഫ് | | ഡോ. കെ.ടി. ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | അരൂർ മണ്ഡലത്തിലെ ഗ്രാമീണ റോഡുകൾ ഒട്ടുമിക്കതും സഞ്ചാര യോഗ്യമല്ലാതായി കിടക്കുന്നതാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഇല്ല. |
| (ബി) | ഇവയുടെ പുനരുദ്ധാരണത്തിന് എം.എൽ.എ ഫണ്ട്, ആസ്തി വികസന ഫണ്ട്, റവന്യൂ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എന്നിവ മുഖേന അനുവദിക്കുന്ന നാമമാത്രമായ തുക എന്നിവ കൊണ്ട് പുനരുദ്ധരിക്കുവാനുള്ള പരിമിതികൾ കണക്കിലെടുത്ത് ആർ.ഐ.ഡി.എഫ് - വില്ലേജ് റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ആസ്തിവികസന ഫണ്ടുമായി സംയോജിപ്പിച്ച് നടത്തുവാൻ പ്രത്യേക അനുവാദം നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ? | (ബി) | ആസ്തി വികസന പദ്ധതിയുടെ ഫണ്ട് മറ്റു ഫണ്ടുകളുമായി ചേർത്ത് വിനിയോഗിക്കുവാൻ വ്യവസ്ഥയില്ല. കൂടാതെ നബാർഡ്, ആർ.ഐ.ഡി.എഫ് പദ്ധതി കൾക്കുള്ള സംസ്ഥാന വിഹിതം നിലവിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പൊതുമേഖലാ സ്ഥാപനങ്ങളുമാണ് വഹിച്ചു വരുന്നത്. ആർ.ഐ. ഡി.എഫ് പദ്ധതി വിഹിതം ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിച്ചാൽ ആയത് ഒരു തെറ്റായ കീഴ്വഴക്കം സൃഷ്ടിക്കുകയും സർക്കാരിന് അധിക ബാദ്ധ്യത വരുത്തുകയും ചെയ്യും. ആയതിനാൽ ആസ്തി വികസന ഫണ്ട് നബാർഡ്, ആർ.ഐ.ഡി.എഫ് പദ്ധതികൾക്കുള്ള വിഹിതവുമായി ചേർത്ത് ഉപയോഗിക്കുന്നതിന് അനുമതി നൽകുന്ന കാര്യം പരിഗണനയിലില്ല. |

2

സെക്ഷൻ ഓഫീസർ